III. റിപ്പോർട്ട് സമർപ്പണം

(i) പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ 16-ാമത് റിപ്പോർട്ട്

Shri T. M. Jacob: Sir, I present the 16th Report of the Public Undertakings Committee.

(ii) ഹർജികളെ സംബന്ധിച്ച സമിതിയുടെ 3-ാമതു റിപ്പോർട്ട്.

Shri N. Bhaskaran Nair: Sir, I present the Third Report of the Committee on Petitions.

IV. പ്രസ്താവന

കശുവണ്ടിയുടെ സംഭരണ വിലയെക്കുറിച്ച് വനവും വ്യവസായവും വകുപ്പു മന്ത്രി ശ്രീ. പി. എസ്. ശ്രീനിവാസൻ ചെയ്ത പ്രസ്താവന

വനവും വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, എനിക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യം സഭയെ അറിയിക്കാനുണ്ട്. കശുവണ്ടിയുടെ കാര്യം ഇതിനകം പലതവണ ചർച്ചക്ക് വന്നതാണ്. ഈ സഭയിലെ അംഗങ്ങളെല്ലാം ആ കാര്യത്തിൽ ഉത്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം കശുവണ്ടിയുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ടുള്ള വർഷമായിരുന്നു എന്ന് നേരത്തേ ഇവിടെ പറഞ്ഞു. രണ്ടുതവണ ഇൻഡ്യാ ഗവൺമെന്റിൽനിന്നും കയറ്റുമതി പ്രവർത്തനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി മെരിറ്റ് സർട്ടിഫിക്കറ്റ് വാങ്ങിയ നമ്മുടെ കശുവണ്ടി വികസന കോർപ്പറേഷന് ഈ ഘട്ടത്തിൽ പ്രതികൂല സാഹചര്യങ്ങളാൽ തളർന്നു പോകേണ്ട സ്ഥിതിവിശേഷമുണ്ടായി. അതുപോലെതന്നെ വിദേശ വിപണിയിൽ വന്പിച്ചതോതിൽ കശുവണ്ടിപ്പരിപ്പിന് വിലയിടിവുണ്ടായി. അതിന്റെ ഫലമായി കഴിഞ്ഞ പ്രാവശ്യം വലിയ നഷ്ടമുണ്ടായി. അതിന് മറ്റ് പല കാരണങ്ങളുമുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ ഇപ്പോഴേ കടക്കുന്നില്ല. ഈ പ്രാവശ്യം കശുവണ്ടിയുടെ വില നിശ്ചയിച്ചത് ഇൻറർ നാഷണൽ മാർക്കറ്റിലെ വിലയുമായി ഏറെക്കുറെ ബന്ധപ്പെടുത്തിയും സെൻട്രൽ ഗവൺമെൻറ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നിലപാടും അവർ തന്ന നിർദ്ദേശങ്ങളുമെല്ലാം പരിഗണിച്ചുമാണ്. സി. സി. ഐ.-കശുവണ്ടി നമ്മുടെ കോർപ്പറേഷന് തരാൻ നിശ്ചയിച്ചിട്ടുള്ളത് ടണ്ണിന് 4,500 രൂപയ്ക്കും 4,450 രൂപയ്ക്കുമാണ്. അങ്ങനെ വരുമ്പോഴും അവർക്ക് ഏതാണ്ട് 500 രൂപ നഷ്ടം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ വിലയുമായി പൊരുത്തപ്പെടുത്തി മാത്രമേ വില നിശ്ചയിക്കാവൂ എന്നാണ് സെൻട്രൽ ഗവൺമെൻറിന്റെ നിർദ്ദേശം. അതിന്റെ അടിസ്ഥാനത്തിലാണ് ചില സഹായങ്ങളും വായ്പകളും പോലും സെൻട്രൽ ഗവൺമെൻറ് നമുക്ക് നൽകാമെന്ന് സമ്മതിച്ചത്. സർ, ഈ വില നിശ്ചയിക്കുന്ന അവസരത്തിൽ വിദേശ വിപണിയിൽ ഒരു പൗണ്ട് കശുവണ്ടിയുടെ ഏറ്റവും കൂടിയ വില 165 സെൻറായിരുന്നു. അപ്പോഴാണ് കശുവണ്ടിയുടെ വില 3.80 മുതൽ 3.60 രൂപ വരെയായി കിലോയ്ക്ക് നിശ്ചയിച്ചത്. അത് സാമാന്യം നല്ല വിലയാണ്. അത് നല്ല വിലയാണെന്നാണ് പൊതുവായി കണക്കാക്കുന്നത്. എന്നാൽ 6 രൂപ 10 പൈസവരെ കിട്ടിയ കൃഷിക്കാർക്ക് വാസ്തവത്തിൽ ഒരു വലിയ വില

LIBRARY ARCHIVES Kerala Legislative Assembly

യിടിവ് തോന്നിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ സ്വാഭാവികമായി ഈ വില ഈ വ്യവസായത്തിനോടായും കൃഷിയുടേയും അതിനോടു ബന്ധപ്പെട്ട് ആളുകളുടേയും എക്കണോമി പരിരക്ഷിക്കുന്നതിന് ഏറ്റവും ശരിയായ ഒരു വിലയായിരുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. ആ വിലക്കെടുത്ത് കശുവണ്ടി സംസ്കരിച്ചാൽ നഷ്ടം വരുമെന്നാണ് കോർപ്പറേഷൻ അഭിപ്രായപ്പെട്ടത്. അങ്ങനെയാണെങ്കിലും ഗവൺമെന്റ് അങ്ങനെ വില നിശ്ചയിച്ചു. അതേ സംബന്ധിച്ച് ഈ സഭയിലുള്ള ബഹുമാനപ്പെട്ട പല അംഗങ്ങളും കൃഷിക്കാരുടെ പ്രതിനിധികളുമെല്ലാം അസംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് ഈ കാര്യങ്ങളെല്ലാം വീണ്ടും പരിശോധിച്ചു. ഇപ്പോഴത്തെ ഇന്റർനാഷണൽ മാർക്കറ്റിലെ വിലയാണെങ്കിൽ പരമാവധി 173 സെന്റാണ്. ആ കണക്ക് വച്ചാണെങ്കിലും അത്ര വലിയ വർദ്ധനവ് കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. നേരത്തെ നിശ്ചയിച്ചിരുന്നത് ഒരു 10 സെന്റോ അതിലധികമോ വില കൂടുകയാണെങ്കിൽ 35 പൈസ കൃഷിക്കാർക്ക് കൂട്ടിക്കൊടുക്കാനുള്ള ധാരണയായിരുന്നു. ഇതെല്ലാം പരിശോധിച്ചതിനുശേഷം ഗവൺമെന്റ് കശുവണ്ടി കൃഷിക്കാരുടെ പ്രതിനിധികളെയും ചില ബഹുമാനപ്പെട്ട മെമ്പർമാരെയുമെല്ലാം വിളിച്ച് ആ കാര്യം ചർച്ചചെയ്തു. എല്ലാ അഭിപ്രായഗതികളേയും പരിഗണിച്ചശേഷം ഇപ്പോഴത്തെ ഒരു പക്ഷേ കൊടുത്താൽ അല്പം ഭാരം ഉണ്ടെങ്കിൽപോലും ഒരു വലിയ വിലവർദ്ധനവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട് ആ കാര്യം സഭയെ അറിയിക്കുകയാണ്. കണ്ണൂർ ജില്ലയിൽ കിലോഗ്രാമിന് 4 രൂപ 30 പൈസയായും കോഴിക്കോട്, മലപ്പുറം പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ 4 രൂപ 20 പൈസയായും, മറ്റു ജില്ലകളിൽ 4 രൂപ 10 പൈസയായും വില വർദ്ധിപ്പിച്ചുകൊണ്ട് ഗവൺമെന്റ് തീരുമാനം എടുത്തിരിക്കുകയാണ്. ഈ വില ഇനി കൃഷിക്കാർക്ക് കിട്ടുന്നതാണ്. ഒരു കാര്യം അതോടൊപ്പം പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. പി. എസ്തോസ്: എന്നു മുതലാണ് ഇത് കിട്ടുന്നത്?

ശ്രീ. പി. എസ്, ശ്രീനിവാസൻ: ഇതു സംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ വരും. നാളെ മുതൽ ആ വില അവർക്ക് കിട്ടും. ഈ വില നിശ്ചയിക്കുമ്പോഴും ഒരു വസ്തുത സഭയും അംഗങ്ങളും മനസ്സിലാക്കണം. എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം കശുവണ്ടി സംഭരണത്തിൽ ഉണ്ടാകണം. കൃഷിക്കാർ പരമാവധി സഹകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഈ കോർപ്പറേഷന്റെ, ഈ വ്യവസായത്തിന്റെ നിലനില്പാണ് കൃഷിക്കാർക്ക് വിലയുണ്ടാക്കിക്കൊടുക്കുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കിലോഗ്രാമിന് 5 രൂപയാക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി കർഷക പ്രതിനിധികളുമായി സംസാരിച്ചപ്പോഴും ഒരു ധാരണയിൽ എത്തിയിരുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: 5 രൂപയാക്കാമെന്ന് പറഞ്ഞിരുന്നില്ല. ഒരു ധാരണയിൽ എത്തിയിരുന്നു എന്നുള്ളത് ശരിയായിരിക്കാം. ഈ വ്യവസായത്തെ തകർത്തുകളഞ്ഞിട്ടോ കൃഷിക്കാർക്ക് ഭാരം ഉണ്ടാക്കിവച്ചിട്ടോ സ്റ്റേറ്റിന് നഷ്ടം വരുത്തിവച്ചിട്ടോ എന്തെങ്കിലും ചെയ്തതുകൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. കശുവണ്ടിയുടെ സംഭരണത്തിൽനിന്ന് നമ്മൾ ഒഴിഞ്ഞാൽ അതിന്റെ ഫലമെന്താണ്? വില എവിടെപ്പോയി നിൽക്കുമെന്ന് അറിയാം. കശുവണ്ടി കൃഷിക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

താല്പര്യം പരിഗണിക്കുമ്പോഴും വലിയ കൂടിയ വിലയാണ് നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കാര്യത്തിൽ പരമാവധി സഹകരണമുണ്ടാകണം. ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നത്, കശുവണ്ടി രംഗത്ത് നടക്കുന്ന കള്ളക്കടത്ത് തടയുന്നതിന്, നിയമനിഷേധം തടയുന്നതിന് ഫലപ്രദമായ നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്നാണ്. നമ്മുടെ ബോർഡറുകളിൽ സെക്യൂരിറ്റി കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. തീവണ്ടി ഉൾപ്പെടെയുള്ള ഗതാഗതമാർഗ്ഗങ്ങളിൽ കശുവണ്ടി കൊണ്ടുപോകുന്നത് തടയുന്നതിനുള്ള ഫലപ്രദമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിർദ്ദാക്ഷിണ്യമായ നടപടികളും സ്വീകരിക്കുന്നതിന് ഈ സഭയും എല്ലാവരും ഏകകണ്ഠമായി യോജിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കശുവണ്ടി കള്ളക്കടത്ത് നടത്തുന്നതിനെ തടയുന്നതിന് സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും എല്ലാവരുടേയും പരിപൂർണ്ണ പിന്തുണയുണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു. മറ്റൊരുകാര്യം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഈ രാജ്യത്തെ രാഷ്ട്രീയ കക്ഷികളും, ബഹുജനസംഘടനകളും, ഈ കാര്യത്തിൽ താല്പര്യമുള്ള മറ്റാളുകളും, സഹകരണസംഘങ്ങളും ഇവരുടെ എല്ലാപേരുടേയും പരമാവധി സഹകരണം കശുവണ്ടി സംരക്ഷിക്കുന്നതിൽ ഉണ്ടാകണമെന്നാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സഹകരണം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകും. ഈ വില കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കത്തക്ക രീതിയിലുള്ള ഒന്നല്ല. കഴിഞ്ഞപ്രാവശ്യം കിട്ടിയതു മുഴുവൻ പ്രതീക്ഷിക്കുന്നില്ലെങ്കിലും അതിനടുത്ത ഒരുവില കിട്ടുമെന്നുള്ള പ്രതീക്ഷയിലാണ് കോൺഫറൻസ് പിരിഞ്ഞത്. അതുകൊണ്ട് സല്പംകൂടി വില വർദ്ധിപ്പിക്കാൻ ഏർപ്പാട് ചെയ്യണം.

ശ്രീ. കെ. പങ്കജാക്ഷൻ: സ്വതന്ത്രമായി കർഷകർക്ക് വിൽക്കുന്നതിന് അവകാശം നൽകുന്നതിൽ വിരോധമുണ്ടോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആ ചോദ്യത്തിന്റെ പൊരുൾ മനസ്സിലായി. വ്യവസായം നിലനിറുത്താനാവശ്യമായ കശുവണ്ടി പുറമേ പോകാതെ നമുക്ക് കിട്ടണം. അത് കിട്ടണമെങ്കിൽ കൃഷിക്കാർക്ക് ന്യായമായ വില കൊടുക്കണം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതേ സംബന്ധിച്ച് കൃഷിക്കാരുടെ ഉത്തമ താല്പര്യത്തിനെതിരായ അഭിപ്രായഗതിയാണ്. കശുവണ്ടി കൃഷി നിലനിറുത്തണമെന്നുണ്ടെങ്കിൽ വ്യവസായം അഭിവൃദ്ധിപ്പെടണം. അവർക്ക് ന്യായമായ വരുമാനമുണ്ടാകണമെങ്കിൽ വ്യവസായം തകർന്നു പോകാതിരിക്കണം. ഈ രാജ്യത്തല്ല, അന്യരാജ്യങ്ങളിലാണ് തോട്ടണ്ടി വിപണി. കശുവണ്ടി ആർക്കും നിർബന്ധമുള്ള ഒരു സാധനമല്ല. അതിനെ ബയേഴ്സ് മാർക്കറ്റ് എന്നു പറയാൻ സാധിക്കുകയില്ല. സെല്ലേഴ്സ് മാർക്കറ്റ് എന്നും പറയാൻ സാധിക്കുകയില്ല, പല പ്പോഴും മാറിക്കൊണ്ടിരിക്കുകയാണ്. കശുവണ്ടി വാങ്ങുന്നതിന് താല്പര്യമുള്ള ആളുകൾ ഒഴിവാകാത്ത തരത്തിലാണ് ഇതിന്റെ വില നിശ്ചയിക്കേണ്ടത്. എങ്കിൽമാത്രമേ കശുവണ്ടികൃഷി അഭിവൃദ്ധിപ്പെടുകയുള്ളു. അതുകൊണ്ട് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വില കൂടിയവിലയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും നേതാക്കളും ഈ കാര്യത്തിൽ പരിപൂർണ്ണമായി സഹകരിക്കുകയും ഇത് സംരക്ഷിക്കുന്നതിനു വേണ്ട സഹായം ചെയ്തുതരണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

V. നിയമനിർമ്മാണ കാര്യം

1978–ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

—(തുടർച്ച)

Mr. Deputy speaker: The amendment of Shri Thamarakshan is not in order. However you can speak.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട എൻ. ഐ. ദേവസ്സിക്കുട്ടി ഇവിടെ ഉന്നയിച്ച പരാമർശങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. സർ, ഇന്ന് നമ്മുടെ ഉന്നതവിദ്യാഭ്യാസത്തിന്റെ സിരാകേന്ദ്രമായ ശ്രീകോവിലെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന സർവ്വകലാശാലകളെ സംബന്ധിച്ച് നമ്മുടെ വിദ്യാർത്ഥികളുടെ ഇടയിലും, അദ്ധ്യാപകരുടെ ഇടയിലും രക്ഷകർത്താക്കളുടെ ഇടയിലും, എന്തിനു്, സാമാന്യ ജനങ്ങളുടെ ഇടയിൽപോലും വളരെയേറെ ആക്ഷേപങ്ങളും ആശങ്കകളും ഉളവാക്കുന്ന തരത്തിലുള്ള സംഭവവികാസങ്ങൾ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ നിയമസഭയിൽതന്നെ ചോദ്യോത്തരവേളയിൽ ഈ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ചോദ്യം ഉന്നയിച്ച അവസരത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഈ സർവ്വകലാശാലകളൊക്കെ സ്വയംഭരണസ്ഥാപനങ്ങളാണ്; അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ആവശ്യമായ അധികാരം ഗവൺമെന്റിന് ഇല്ലെന്ന് സൂചിപ്പിച്ചു. യൂണിവേഴ്സിറ്റി ആക്ടിലെ 70, 71 വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് ശ്രീ. ദേവസ്സിക്കുട്ടി സൂചിപ്പിക്കുകയുണ്ടായി ഗവൺമെന്റിന് ഈ യൂണിവേഴ്സിറ്റികളുടെ ദൈനംദിന പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ യൂണിവേഴ്സിറ്റി ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന്. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഇടയിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെ സംബന്ധിച്ച് അത് പരിശോധിക്കുന്നതിനും ശക്തമായ നടപടികൾ എടുക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ചില വസ്തുതകൾ എനിക്ക് കേരളാ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പറയാനുണ്ട്. ഗവൺമെന്റിന്റെ ശ്രദ്ധ ആ രംഗത്തുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് കേരള സർവ്വകലാശാലയും അതിന്റെ ഭരണാധികാരികളും യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകളേയും സ്റ്റാറ്റ്യൂട്ടിനേയും എല്ലാം കാറ്റിൽ പറത്തിക്കൊണ്ട് അധികാരദുർവിനിയോഗം ചെയ്തുകൊണ്ടുള്ള ഒരു രേണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ യൂണിവേഴ്സിറ്റിയിൽ ഒരു പ്രൊഫസറെ നിയമിക്കണമെങ്കിൽ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയ്ക്ക് ഉപരിയായി കുറഞ്ഞത് പത്തുവർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് വേണം. ഒരാളെ റീഡറായി നിയമിക്കണമെങ്കിൽ വിദ്യാഭ്യാസയോഗ്യതയ്ക്ക് ഉപരിയായി 5 വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് വേണം. ആ നിയമങ്ങളെയെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ഫിസിക്സ് ഡിപ്പാർട്ടുമെന്റിൽ ഡോ. പി. ബാലരാമചന്ദ്രനെ ഒരു വർഷത്തെപ്പോലും ടീച്ചിംഗ് എക്സ്പീരിയൻസില്ലാതെ പ്രൊഫസറായി നിയമിച്ചു. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly